131017

**D 11797** **(Pages : 2)** **Name.......................................**

**Reg. No...................................**

# THIRD SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam (B.A./B.Sc.)

MAL 3A 03—MALAYALA SAHITHYAM – III

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 എം.ടി. വാസുദേവൻ നായർ 'ചലച്ചിത്ര കലയിലെ ഷേക്സ്പിയർ' എന്ന് വിളിക്കുന്നത് ആരെയാണ് ?

2 'ഭരതവാക്യം' എന്ന നാടകം രചിച്ചതാര് ?

3 ഇര തേടിവന്ന ഒരമ്പലപ്രാവായി മുണ്ടമുക ശാസ്താംകാവിൽ താവളമടിച്ചതാര് ?

4 തീരദേശ പരിപാലന നിയമം നിലവിൽ വന്ന വർഷം.

5 മലയാളത്തിലെ ആദ്യ രാഷ്ട്രീയനാടകം എന്നറിയപ്പെടുന്ന കൃതി.

6 പത്മരാജൻ അവസാനമായി തിരക്കഥയെഴുതി സംവിധാനം ചെയ്ത ചലച്ചിത്രമേത് ?

7 കെ.എ. കൊടുങ്ങല്ലൂരിന്റെ വളർത്തച്ഛൻ ആര് ?

8 'മക്കയിലേക്കുള്ള പാത' എഴുതിയതാര് ?

9 'പോയില്ലെങ്കിൽ ഇവന്റെ കാലു കൊണ്ട് ഞാൻ തന്നോടു സംസാരിക്കും'—ആരാണിങ്ങനെ പറഞ്ഞത് ?

10 ബഹുമാനിക്കേണ്ടവരെക്കണ്ടാൽ അറ്റൻഷനായി നിൽക്കണമെന്ന് താമിയോട് പറഞ്ഞതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 'ഇഷ്ടപ്പെട്ട രണ്ടു വിഭാഗവും എനിക്ക് അന്യമായിത്തോന്നി'—ആർക്ക് ? അന്യമായത് എന്തൊക്കെ ?

12 നാടകരചനയുടെയും നാടാവതരണ സമ്പ്രദായത്തിന്റെയും പുരോഗതിക്ക് പ്രധാന മാർഗ തടസ്സമെന്ത് ?

13 മരുഭൂമിയിലെ മരണം എത്ര ഏകാന്തവും ഭീതിജനകവുമായിരിക്കും എന്ന തിരിച്ചറിവിലേക്ക് ഗ്രന്ഥകാരൻ എത്തിയതെപ്പോൾ ?

14 'വിചിത്രമല്ലാത്തതെങ്ങനെയാണ് വേദാന്തമാവുക'—വ്യംഗ്യമെന്ത് ?

15 ദയയും സ്നേഹവും നിറഞ്ഞ ഹൃദയത്തിന്റെ ഉടമ എന്ന് വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞത് ആരെക്കുറിച്ചാണ് ? അതിനുള്ള കാരണമെന്ത് ?

(5 × 2 = 10 marks)

**Turn over**

131017

131017



III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 'ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താവനയിറക്കുന്നു'—വിവക്ഷിതം വ്യക്തമാക്കുക.

17 'അദ്ദേഹത്തിന്റെ മനസ്സു വെഷമിപ്പിക്കാതെ നോക്കിയാൽ നിങ്ങക്കും ഗുണം എല്ലാവർക്കും ഗുണം സന്ദർഭവും ആശയവും വിശദമാക്കുക.

18 'ലൈലാ മജ്നു'വിനെ മുസഫർ അഹമ്മദ് ഓർത്തെടുക്കുന്നതെങ്ങനെ ?

19 'അങ്ങനെ ആ കുട്ടിയിൽ നിന്നു ഞാൻ തൽക്കാലം രക്ഷപ്പെട്ടു. പക്ഷേ, മനസ്സിലെ അസ്വാസ്ഥ്യത്തിൽ നിന്നു രക്ഷപ്പെടാൻ എനിക്കു കഴിഞ്ഞില്ല '—സൂചിപ്പിക്കുന്ന സംഭവമെന്ത് ?

20 പൊതു പ്രവർത്തകനെന്ന നിലയിൽ മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ് പിൻതുടർന്ന ജീവിതചര്യയെന്ത് ?

21 'അല്ല, ഓല്ക്ക് എന്താ ഇയ്ക്കല്ലേ പോയത് തച്ച് പൊളിച്ചത് ഇന്റെ ചങ്കല്ലേ '—സന്ദർഭത്തിന്റെ വൈകാരിക തീവ്രത വെളിപ്പെടുത്തുക.

22 നാടകവിരുദ്ധ (anti-play) നാടകത്തിലേക്ക് ക്രൈം നാടകം എത്തിച്ചേരുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 ഗ്രാമീണ ജീവിതത്തിന്റെ സൂക്ഷ്മസ്പന്ദനം പോലും ഒപ്പിയെടുക്കാൻ ശേഷിയുള്ള തിരക്കഥാകാരനാണ് പത്മരാജൻ—'ഒരിടത്തൊരു ഫയൽവാൻ' ഇത് എത്രത്തോളം സാധൂകരിക്കുന്നുണ്ടെന്നു പരിശോധിക്കുക.

24 നാടകരചനയിൽ മാത്രമല്ല, അതിന്റെ രംഗാവതരണത്തിന്റെ സൂക്ഷ്മാംശങ്ങളിലും ശ്രദ്ധിച്ച നാടകാചാര്യനാണ് ജി. ശങ്കരപ്പിള്ള—നാടകസദസ്സ് എന്ന ലേഖനത്തെ മുൻനിർത്തി വിലയിരുത്തുക.

25 അറേബ്യൻ നാടുകളിലൂടെയുള്ള യാത്രാനുഭവത്തെ വികാരതീവ്രതയോടെ ആവിഷ്കരിക്കുന്ന കൃതി എന്ന നിലയിൽ 'മരുഭൂമിയുടെ ആത്മകഥ'യെ നിരീക്ഷിക്കുക.

26 സാങ്കേതികം മാത്രമല്ല, സൗന്ദര്യാത്മകം കൂടിയാണ് തിരക്കഥയുടെ രചനാശില്പം എന്ന് എം.ടി. വാസുദേവൻ നായർ സ്ഥാപിക്കുന്നതെങ്ങനെ ?

27 കണ്ടൽജീവിതത്തിലൂടെ പൊക്കുടൻ നൽകുന്ന പ്രകൃതിപാഠത്തിന്റെ പ്രസക്തിയെന്തെന്ന് വിശദമാക്കുക.

28 ആത്മപരിഹാസവും ആത്മവിമർശനവും ഒത്തിണങ്ങിയ അനുഭവക്കുറിപ്പാണ് 'വളർന്നു വരുന്ന ഒരാത്മാവ്'—ഉപപാദിക്കുക.

(4 × 10 = 40 marks)

131017